**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2525** **15-10-2024 - ൽ മറുപടിയ്ക്ക്**

**സോളാർ മിച്ച വൈദ്യുതിക്ക് പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | സോളാർ മിച്ച വൈദ്യുതിക്ക് പണം നൽകാതെ വീണ്ടും ബില്ലടയ്ക്കാൻ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിരിക്കുന്ന സാഹചര്യം പരിശോധിക്കുമോ; | (എ) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്റ കമ്മീഷൻ പുറപ്പെടുവിച്ച RE anc Netmetering Regulations ഒന്നാം ഭേദഗതി പ്രകാരം, സോളാർ വൈദ്യുതി പ്രൊസ്യൂമ ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക നൽകിയ അധിക വൈദ്യുതി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, അതായത മാർച്ച് 31 – ആം തീയതി വെച്ച് സെറ്റിൽ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട് . സെറ്റിൽമെന്റ പ്രകാരം ലഭിക്കേണ്ട തുക റെഗുലേഷന അനുസരിച്ച് സെറ്റിൽമെന്റ് പീരിഡ് കഴിഞ്ഞ 30 ദിവസത്തിനകം പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. 2022-23 മുതൽ ഈ രീതിയിലാണ് സോളാ വൈദ്യുതിയുടെ സെറ്റിൽമെന്റ കണക്കാക്കുന്നത്. എന്നാൽ, പ്രസ്തുത കൺസ്യൂമർ ഉത്പാദിപ്പിച്ച സോളാ വൈദ്യുതി ഉപയോഗിച്ച വൈദ്യുതിയുമായ തട്ടിക്കിഴിച്ച് ബാക്കിവരുന്ന ഉപയോഗത്തിന് നിലവിലുള്ള താരിഫ് പ്രകാരം മാസാമാസ അടയ്ക്കേണ്ടതാണ് .<br><br>ഗ്രിഡിലേക്ക് നൽകിയ മിച്ച വൈദ്യുതിയ്ക്ക 2022-2023 -ൽ യൂണിറ്റിന് 2 രൂപ 69 പൈസയും 2023-24ൽ യൂണിറ്റിന് 3 രൂപ 15 പൈസയും ആണ് റെഗുലേറ്ററി കമ്മീഷന തീരുമാനിച്ചിരിക്കുന്നത്. |
| (ബി) | സോളാർ ഉത്പാദകർ ആവശ്യമുള്ളതിനേക്കാൾ കൂടുതലായി വൈദ്യുതി ഉല്പാദിപ്പിച്ച് ഗ്രിഡിലേക്ക് നൽകുന്നതിന് യൂണിറ്റിന് 2 രൂപ 69 പൈസ നിരക്കിൽ ബോർഡ് നൽകുന്നതിന് പകരം അടുത്ത ബില്ല് വീണ്ടും അടക്കാൻ ആവശ്യപ്പെട്ടിരിക്കുന്നു എന്ന | (ബി) | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്റ കമ്മീഷൻ പുറപ്പെടുവിച്ച RE anc Netmetering Regulations ഒന്നാം ഭേദഗതി പ്രകാരം, സോളാർ വൈദ്യുതി പ്രൊസ്യൂമ |

| | | | |
|---|---|---|---|
| | ആക്ഷേപത്തെക്കുറിച്ച് അന്വേഷണം നടത്തുമോ; വ്യക്തമാക്കുമോ :; | | ഉൽപാദിപ്പിച്ച് കെ.എസ്.ഇ.ബി. ഗ്രിഡിലേക്ക നൽകിയ അധിക വൈദ്യുതി സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ, അതായത മാർച്ച് 31 – ആം തീയതി വെച്ച് സെറ്റിൽ ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട് . സെറ്റിൽമെന്റ് പ്രകാരം ലഭിക്കേണ്ട തുക റെഗുലേഷന് അനുസരിച്ച് സെറ്റിൽമെന്റ് പീരിഡ് കഴിഞ്ഞ 30 ദിവസത്തിനകം പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് നൽകേണ്ടതാണ്. 2022-23 മുതൽ ഈ രീതിയിലാണ് സോളാർ വൈദ്യുതിയുടെ സെറ്റിൽമെന്റ് കണക്കാക്കുന്നത്. എന്നാൽ, പ്രസ്തുത കൺസ്യൂമർ ഉത്പാദിപ്പിച്ച സോളാർ വൈദ്യുതി ഉപയോഗിച്ച വൈദ്യുതിയുമായി തട്ടിക്കിഴിച്ച് ബാക്കിവരുന്ന ഉപയോഗത്തിന് നിലവിലുള്ള താരിഫ് പ്രകാരം മാസാമാസ അടയ്ക്കേണ്ടതാണ് .<br><br>ഗ്രിഡിലേക്ക് നൽകിയ മിച്ച വൈദ്യുതിക്ക 2022-2023 -ൽ യൂണിറ്റിന് 2 രൂപ 69 പൈസയും 2023-24ൽ യൂണിറ്റിന് 3 രൂപ 15 പൈസയും ആണ് റെഗുലേറ്ററി കമ്മീഷന് തീരുമാനിച്ചിരിക്കുന്നത്. |
| (സി) | സോളാർ ഉത്പാദകർക്ക് പണം കിട്ടാൻ ഓരോ തവണയും അപേക്ഷിക്കേണ്ടി വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | നിലവിൽ പ്രത്യേകമായി അപേക്ഷ കൊടുക്കേണ്ടതില്ല. പ്രൊസ്യൂമറിന്റെ അക്കൗണ്ടിലേക്ക് പണം നൽകുകയാണ് ചെയ്യുന്നത്. നിലവിലുള്ള അക്കൗണ്ട് നമ്പറിൽ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ എന്ന് അന്വേഷിച്ച ശേഷമാണ് പണം അക്കൗണ്ടിലേക്ക് മാറ്റുന്നത്. |
| (ഡി) | നിലവിലെ ബില്ലിംഗ് സമ്പ്രദായം മാറ്റാനാണ് കെ.എസ്.ഇ.ബി.യുടെ ശ്രമമെന്ന് ഉപഭോക്താക്കൾ ആരോപിക്കുന്നത് പരിശോധിക്കുമോ; സോളാർ ഉപഭോക്താക്കൾ ഉല്പാദിപ്പിച്ച വൈദ്യുതി എത്ര; ഓരോ മാസവും ഉപയോഗിച്ചത് എത്ര; മിച്ചം എത്ര; അതിനുള്ള വില എത്ര; എന്നിങ്ങനെ വേർതിരിച്ച് മലയാളത്തിൽ ബില്ല് നൽകണമെന്ന ആവശ്യം പരിഗണിക്കുമോ? | (ഡി) | കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബി.എൽ സമർപ്പിച്ച താരിഫ് പരിഷ്കരണ നിർദ്ദേശങ്ങളിൽ, വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെ (ഒരു ദിവസത്തിൽ 4 മണിക്കൂർ നേരത്തേക്ക്) കെ.എസ്.ഇ.ബി.ലിമിറ്റഡ്-ൽ നിന്ന് എടുക്കുന്ന വൈദ്യുതിക്ക് (പകൽ സമയത്ത് കെ.എസ്.ഇ.ബി.എൽ ഗ്രിഡ്ഡിലേക്ക് നൽകുന്ന വൈദ്യുതിയുമായി അഡ്ജസ്റ്റ് ചെയ്യാതെ) കമ്മീഷൻ അംഗീകരിച്ച താരിഫ് പ്രകാരം വൈദ്യുതി ചാർജ്ജ് ഈടാക്കുന്നതിനുള്ള ശിപാർശ നൽകിയിട്ടുണ്ട്. എന്നാൽ മറ്റു സമയക്രമങ്ങളിലെ (രാവിലെ ആറുമണി മുതൽ വൈകുന്നേരം 6 മണി വരെയും തുടർന്ന് രാത്രി 10 മണി മുതൽ പിറ്റേദിവസം ആറുമണി വരെയും) (ഒരു ദിവസത്തിൽ 20 മണിക്കൂർ നേരത്തേക്ക്) ബില്ലിംഗ് സംവിധാനത്തിൽ യാതൊരു വിധ മാറ്റങ്ങളും വരുത്താനുള്ള ശിപാർശ നൽകിയിട്ടില്ല. റെഗുലേറ്ററി |

| | | | |
|---|---|---|---|
| | | | കമ്മീഷൻ ഇത് സംബന്ധിച്ച് യാതൊരുവിധ ഉത്തരവുകളും നിലവിൽ പുറപ്പെടുവിച്ചിട്ടില്ല.<br><br>നിലവിൽ, മീറ്റർ റീഡർമാർ ഉപഭോക്താക്കൾക്കും, സോളാർ ഉപഭോക്താക്കൾക്കും നൽകുന്ന ബില്ലുകൾ മലയാളത്തിലാണ്. സോളാർ ഉത്പാദിപ്പിച്ച വൈദ്യുതി, ഓരോ മാസവും ഉപയോഗിച്ച വൈദ്യുതി, മിച്ച വൈദ്യുതി എന്നിവ കാണിക്കുന്ന വിശദമായ ബില്ലുകൾ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ വെബ് സൈറ്റിൽ ഇംഗ്ലീഷിൽ ലഭ്യമാണ്. ഇത് മലയാളത്തിൽ നൽകാനുള്ള നിർദ്ദേശം കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ പരിഗണനയിലുണ്ട്. |

സെക്ഷൻ ഓഫീസർ